compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 17
Tuesday, 17th March 2026

1201 മീനം 3
3rd Meenam 1201

1947 ഫാൽഗുനം 26
26th Phalguna 1947

വാല്യം 15
Vol. XV

നമ്പർ / No. **11**

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

No. DDDKER/3357/2025-ES2. *10th March 2026.*

The following is the Select List of Officers, prepared by the Departmental Promotion Committee (Lower) at its meeting held on 10-3-2026, for by-transfer appointment to the category of Dairy Extension Officer and to the post of Senior Superintendent in the Dairy Development Department for the year 2026.

Dairy Extension Officer

1. Smt. Sumila, K. P.
2. Smt. Smrithy Vasudevan
3. Smt. Jisha, K. G.
4. Smt. Geethanjali, R. T.
5. Sri Shinto Alex
6. Smt. Reshmi Manuel
7. Smt. Veena Rajan, M.
8. Sri Mahesh, V. C.
9. Smt. Anula S. Menon

Senior Superintendent

1. Smt. Bindu, A. M.
2. Smt. Supriya, M. S.
3. Sri Jayakrishna, J. S.
4. Smt. Udaya, L. R.
5. Sri. Antony, P. Y.
6. Sri Umesh Babu, P.

SALINI GOPINATH,
Director,
Dairy Development Department & Convenor,
Departmental Promotion Committee (Lower),
Dairy Development Department.

Directorate of
Dairy Development Department,
Thiruvananthapuram.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
(ഹാജർ അനിത പി, ഡെപ്യൂട്ടി ഡയറക്ടർ)

നം. DDPTA/114/2023-C/കെ.ഡിസ് 10-03-2026

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട മുതുപേഴുങ്കൽ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 140 (ഡി) ആപ്കോസ് - സമാപ്തീകരണം- 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ഈ ഓഫീസിലെ 10/11/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

(2) കോന്നി ഡയറി ഫാം ഇൻസ്ട്രക്ടർ ബി യൂണിറ്റിന്റെ 04/02/2026 തീയതിയിലെ 138/2023 നമ്പർ റിപ്പോർട്ട്..

പത്തനംതിട്ട ജില്ലയിലെ കോന്നി ബ്ലോക്കിൽ അരുവാപ്പുലം ഗ്രാമ പഞ്ചായത്തിലെ 7,9 വാർഡുകൾ പ്രവർത്തന പരിധിയായി ഉൾപ്പെടുത്തി രൂപീകരിച്ച മുതുപേഴുങ്കൽ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 140 (ഡി) ആപ്കോസ് വളരെ വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ടി സംഘം സമാപ്തീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം കോന്നി ഡയറി ഫാം ഇൻസ്ട്രക്ടർ ബി യൂണിറ്റിനെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി കേരള സഹകരണ നിയമം ചട്ടം 69 പ്രകാരം ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും സംഘത്തിൽ നിന്നും കൊടുക്കുവാനും ലഭിക്കുവാനുമുള്ള ബാധ്യതകൾ സംബന്ധിച്ച് ആക്ഷേപം ബോധിപ്പിക്കുന്നതിനായി സമയം അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരുവിധ ആക്ഷേപങ്ങളും ലഭിച്ചിട്ടില്ലാത്തതാകുന്നു. സംഘം സമാപ്തീകരണം സംബന്ധിച്ച് റ്റി ആർ, സി എം പി യൂ, സർക്കിൾ സഹകരണ യൂണിയൻ, കേരള ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന കത്തിന്മേൽ ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലാത്തതായും കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ 1,053/- രൂപ സംഘത്തിന്റെ പേരിൽ കുടിശ്ശികയുള്ളതായും ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുള്ളതായും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ പേരിൽ കേരള കോ ഓപ്പറേറ്റീവ് ബാങ്ക് കോന്നി ശാഖയിൽ രണ്ട് അക്കൗണ്ടുകളിലായി ഉണ്ടായിരുന്ന തുകയും ആയതിന്റെ പലിശയും ഉൾപ്പെടെ 4,784/- രൂപ ലിക്വിഡേറ്ററുടെ പേരിൽ കേരള ബാങ്ക് കോന്നി ശാഖയിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ആയതിൽ 1,053/- രൂപ (ആയിരത്തി അൻപത്തി മൂന്ന് രൂപ മാത്രം) കേരള ക്ഷീരകർഷക ക്ഷേമനിധി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ബാക്കി 3,731/- രൂപ (മൂവായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) ഡയറി ഡയറക്ടറുടെ പേരിലുള്ള ലിക്വിഡേഷൻ ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

സംഘം തുടർന്ന് പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാലും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനത്തിനുശേഷവും യാതൊരു വിധ അവകാശവാദവും ലഭ്യമല്ലാത്തതിനാലും അന്തിമ പൊതുയോഗത്തിൽ ആരും പങ്കെടുത്തിട്ടില്ലാത്തതിനാലും സംഘം സമാപ്തീകരിച്ചുകൊണ്ടും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉത്തരവ്

മുതുപേഴുങ്കൽ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 140 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തും സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ഈ കാലാവധിയ്ക്ക് ശേഷം രജിസ്ട്രാറിന്റെ മുൻകൂർ അനുവാദത്തോടു കൂടി നശിപ്പിക്കാവുന്നതുമാണ്.

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.17 03:51:00 +05:30